## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 938 28.04.2017-ൽ മറുപടിക്ക്

### ഹയർസെക്കന്ററി സ്കൂളുകളിൽ അധ്യാപക തസ്തിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഹയർസെക്കന്ററി വിഭാഗത്തിലെ അധ്യാപകരുടെ ക്ലാസ് പിരീഡുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് ധനകാര്യവകുപ്പ് ശിപാർശ നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) നൽകിയിട്ടുണ്ട്. ഹയർ സെക്കന്ററി അദ്ധ്യാപകരുടെ നിലവിലെ ജോലിഭാരം സ്പെഷ്യൽ റൂൾസ് പ്രകാരം ആഴ്ചയിൽ 14 പിരീയഡുവരെ ക്ലാസ്സുകൾ എടുക്കുന്നവർ ഹയർ സെക്കന്ററി ജൂനിയർ അദ്ധ്യാപകരായും 24 പീരിയഡുകൾവരെയുള്ള ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നവർ ഹയർ സെക്കന്ററി സീനിയർ അദ്ധ്യാപകരായും പരിഗണിക്കപ്പെടുന്നു. ഇപ്പോൾ ശരാശരി 45 മിനിട്ടിന് താഴെയാണ് ഹയർ സെക്കന്ററി ക്ലാസ്സുകളിലെ പിരീഡിന്റെ ദൈർഘ്യം. അതനുസരിച്ച് 5 പ്രവൃത്തി ദിവസങ്ങളിലായി ഒരു ജൂനിയർ അദ്ധ്യാപകൻ ആഴ്ചയിൽ 10.5 മണിക്കൂറും സീനിയർ അദ്ധ്യാപകൻ ആഴ്ചയിൽ 16 മണിക്കൂറും പഠിപ്പിച്ചാൽ മതിയാകും. കൂടാതെ അധികമായി വരുന്ന 3 പിരീഡുകൾക്ക് ഒരു ജൂനിയർ അദ്ധ്യാപകനെ നിയമിക്കുവാനും നിലവിൽ വ്യവസ്ഥയുണ്ട്. അധികമായി വരുന്ന വെറും 3 പിരീഡുകൾക്ക് ഒരു ജൂനിയർ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നത് വൻപിച്ച സാമ്പത്തിക ബാധ്യത വരുമെന്നും ധനകാര്യവകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഹയർ സെക്കന്ററി അധ്യാപകരുടെ ജോലിഭാരം താഴെപ്പറയുന്ന രീതിയിൽ പുനഃക്രമീകരിക്കാനാണ് ധനകാര്യവകുപ്പ് നിർദ്ദേശിച്ചിരിക്കുന്നത്. |

(മറുപുറം)

| ഹയർ സെക്കന്ററി അധ്യാപകരുടെ ആഴ്ചയിലെ ജോലിഭാരം | അർഹതയുള്ള തസ്തിക |
|---|---|
| 0 മുതൽ 7 വരെ | ഗസ്റ്റ് അധ്യാപകൻ |
| 08 മുതൽ 14 വരെ | 1 ജൂനിയർ ഹയർ സെക്കന്ററി അധ്യാപകൻ |
| 15 മുതൽ 31 വരെ | 1 സീനിയർ ഹയർ സെക്കന്ററി അധ്യാപകൻ |
| 32 മുതൽ 45 വരെ | 1 ജൂനിയർ ഹയർ സെക്കന്ററി അധ്യാപകനും 1 സീനിയർ അധ്യാപകനും |
| 46 മുതൽ 62 വരെ | 2 സീനിയർ ഹയർ സെക്കന്ററി അധ്യാപകൻമാർ |
| 63 മുതൽ 76 വരെ | 2 സീനിയർ ഹയർ സെക്കന്ററി അധ്യാപകരും 1 ജൂനിയർ ഹയർ സെക്കന്ററി അധ്യാപകനും |
| 77 മുതൽ 93 വരെ | 3 സീനിയർ ഹയർ സെക്കന്ററി അധ്യാപകൻമാർ |
| 94 മുതൽ 107 വരെ | 3 സീനിയർ ഹയർ സെക്കന്ററി അധ്യാപകരും 1 ജൂനിയർ ഹയർ സെക്കന്ററി അധ്യാപകനും |

(ബി) പുതുതായി അനുവദിച്ച ഹയർസെക്കന്ററി സ്കൂളുകളിൽ അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ബി) സർക്കാർ ഇക്കാര്യം പ്രത്യേകം വിശദമായി പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.